## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5137 05.07.2012 ൽ മറുപടിയ്ക്ക്

## കൊച്ചിയിൽ വൈദ്യുതി നിലയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ഡോ. വി.ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) കൊച്ചിയിൽ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (എ) ഉണ്ട്. പുതുവൈപ്പിനിൽ 1200 മെഗാവാട്ട് ശേഷിയുള്ള ഒരു പ്രകൃതിവാതകാധിഷ്ഠിത താപനിലയം സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പെട്രോനെറ്റ് LNG പുതുവൈപ്പിനിൽ സ്ഥാപിക്കുന്ന ദ്രവീകൃത ഇന്ധന പ്ലാന്റിന് അനുബന്ധമായാണ് ഈ നിലയം സ്ഥാപിക്കുന്നത്. |
| (ബി) ഏത് കമ്പനിയുമായി ചേർന്നാണ് വൈദ്യുതി നിലയം സ്ഥാപിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) പെട്രോനെറ്റ് എൽ.എൻ.ജി.യും, കെ.എസ്.ഇ.ബി.യും സംയുക്ത സംരംഭമായി ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത വൈദ്യുതി നിലയത്തിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ; | സി) 1200 മെഗാവാട്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ? | (ഡി) ഈ പദ്ധതിക്കുവേണ്ടിയുള്ള (MOU) Memorandum of Understanding സർക്കാർ, പെട്രോനെറ്റ് എൽ.എൻ.ജി., കെ.എസ്.ഇ.ബി.യും ചേർന്ന് ഒപ്പു വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 19.04.2012-ലെ സർക്കാർ ഉത്തരവ് പ്രകാരം പുതുവൈപ്പിനിൽ 50 ഏക്കർ സ്ഥലം ഇതിലേയ്ക്കായി കെ.എസ്.ഇ.ബി.യ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ